**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.960** — **07-02-2013-ലെ മറുപടിയ്ക്ക്**

**തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ : | ശ്രീ. ഷിബു ബേബിജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടത് തൊഴിലുടമയുടെ കർത്തവ്യമാണ്. ടി സൗകര്യങ്ങൾ തൊഴിലുടമ ചെയ്തുകൊടുക്കുന്നുണ്ടോ എന്ന് പ്ളാന്റേഷൻ ഇൻസ്പെക്ടമാർ പരിശോധിക്കുന്നുണ്ട്. കൂടാതെ സാമ്പത്തികമായി ദുർബലമായ തോട്ടമുടമകൾക്ക് മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം ചെയ്യുന്നതിനായി സർക്കാർ തന്നെ 2012-13 പദ്ധതി ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) തോട്ടം തൊഴിലാളികളുടെ ശോചനീയമായ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; എത്ര രൂപ പ്രസ്തുത ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്? | (ബി) ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്കീമിന്റെ അംഗീകാരത്തിനു വിധേയമായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ